# തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രൊസീഡിംഗ്സ്

## സംഗ്രഹം

**കൊല്ലവർഷം 1192 ലെ ശബരിമല മഹോത്സവം ഭണ്ഡാരത്തിലെ കാണിക്കവഞ്ചികൾ എണ്ണിതിട്ടപ്പെടുത്തുന്നതിനായി സ്പെഷ്യൽ ഡ്യൂട്ടിക്ക് നിയോഗിക്കപ്പെട്ട തിരുവല്ലാ ഗ്രൂപ്പിൽ തെള്ളിയൂർക്കാവ് ദേവസ്വം വാച്ചർ ശ്രീ.കെ.വി.സുരേന്ദ്ര പ്രസാദ് മരണപ്പെട്ട സംഗതി - സാമ്പത്തിക സഹായം അനുവദിക്കുന്നത് സംബന്ധിച്ച്.**

---

നടപടി ഉത്തരവ് നമ്പർ ആർഒസി.1079/17/ശബ തിരുവനന്തപുരം, തീയതി:28/01/2017

---

പരാമർശം:- 1. **ദേവസ്വം കമ്മീഷണറാഫീസിലെ 27.01.2017 ലെ ആർ.ഒ.സി.02/17/ശബ നമ്പർ റിപ്പോർട്ട്.**
2. **ശബരിമല ദേവസ്വം എക്സിക്യൂട്ടീവ് ആഫീസിലെ 28.01.2017 ലെ ഇ.ഒ.പി.101/17/ശബ നമ്പർ റിപ്പോർട്ട്.**

## ഉത്തരവ്

കൊല്ലവർഷം 1192-ാമാണ്ട് മണ്ഡലം-മകരവിളക്ക് കാലയളവിൽ ഭണ്ഡാരത്തിൽ ലഭ്യമായ കാണിക്ക വകകൾ എണ്ണി തിട്ടപ്പെടുത്തുന്നതിന് സ്പെഷ്യൽ ഡ്യൂട്ടിക്ക് നിയോഗിച്ചിരുന്ന തിരുവല്ല ഗ്രൂപ്പിൽപ്പെട്ട തെള്ളിയൂർക്കാവ് ദേവസ്വം വാച്ചർ ശ്രീ.കെ.വി.സുരേന്ദ്രപ്രസാദ് 27.01.2017 ൽ മലകയറവെ മരക്കൂട്ടത്തിന് സമീപം വച്ച് ദേഹാസ്വാസ്ഥ്യം അനുഭവപ്പെടുകയും തുടർന്ന് മരണപ്പെടുകയും ചെയ്തുവെന്നും, ടിയാൻ സ്പെഷ്യൽ ഡ്യൂട്ടിക്ക് ഹാജരാകുന്നതിനായി ശബരിമലയിലേക്ക് പോകുന്നതിനിടയിൽ സംഭവിച്ച അത്യാഹിതമാകയാൽ ടിയാന്റെ കുടുംബത്തിന് അടിയന്തിര ധനസഹായം അനുവദിക്കണമെന്ന് വിവരിച്ച ദേവസ്വം കമ്മീഷണറുടെ റിപ്പോർട്ട് ലഭിച്ചു (പരാമർശം 1).

ശബരിമലയിൽ മറ്റ് സുരക്ഷ സംവിധാനങ്ങൾ ഒന്നും ഇല്ലാത്ത സാഹചര്യത്തിൽ അടിയന്തിര വൈദ്യസഹായത്തിനുള്ള ക്രമീകരണവും, ഓഫ് റോഡ് ആംബുലൻസിനുള്ള സ്ഥിരം പെർമിറ്റും ലഭ്യമാക്കണമെന്നും, 500 ഓളം പേർ ശബരിമലയിൽ ജോലി ചെയ്തു വരുന്ന സാഹചര്യം കണക്കിലെടുത്ത് അടിയന്തിര നടപടി ഉണ്ടാകണമെന്ന് വിവരിച്ച് എക്സിക്യൂട്ടീവ് ആഫീസറിൽ നിന്നും റിപ്പോർട്ട് ലഭിച്ചു (പരാമർശം 2).

മേൽ വിവരിച്ച റിപ്പോർട്ടുകൾ പരിഗണിച്ച്,

1) ബഹു. കേരള ഹൈക്കോടതിയുടെ അനുമതിക്ക് വിധേയമായി ശ്രീ.കെ.വി.സുരേന്ദ്ര പ്രസാദിന്റെ കുടുംബത്തിന് മൂന്ന് ലക്ഷം രൂപ ധനസഹായം അനുവദിച്ചും, ഹൈക്കോടതിയുടെ അനുമതി ലഭ്യമാക്കുന്നതിന് തുടർനടപടി സ്വീകരിക്കുന്നതിന് ലാ ആഫീസറെ ചുമതലപ്പെടുത്തിയും ഉത്തരവാകുന്നു.

2) കൂടാതെ കാണിക്ക എണ്ണി തിട്ടപ്പെടുത്തി തീരുന്നതു വരെ ശബരിമലയിൽ മെഡിക്കൽ സേവനം ഉറപ്പ് വരുത്തുന്നതിന് ഹെൽത്ത് ഡിപ്പാർട്ട്മെന്റുമായി ബന്ധപ്പെട്ട് മേൽ നടപടി സ്വീകരിക്കുന്നതിനും, ഫോറസ്റ്റുമായി ബന്ധപ്പെട്ട് ഓഫ് റോഡ് ആംബുലൻസിനുള്ള സ്ഥിരം പെർമിറ്റ് ലഭ്യമാക്കി സേവനം ഉറപ്പാക്കുന്നതിനും ദേവസ്വം കമ്മീഷണറെ ചുമതലപ്പെടുത്തിയും ഉത്തരവാകുന്നു.

**തിരുവിതാംകൂർ ദേവസ്വം ബോർഡിന് വേണ്ടി,**
(ഒപ്പ്)
**സെക്രട്ടറി**

**അംഗീകാരത്തോടെ,**

**അസിസ്റ്റന്റ് സെക്രട്ടറി**

വിവരമറിവാനും വേണ്ടുന്ന മേൽ നടപടി സ്വീകരിക്കുന്നതിനുമായി പകർപ്പ്:-

1) ദേവസ്വം കമ്മീഷണർ
2) സൂപ്രണ്ട് ഓഫ് പോലീസ് (വിജിലൻസ് & സെക്യൂരിറ്റി)
3) ലാ ആഫീസർ
4) ഫൈനാൻസ് ആന്റ് അക്കൗണ്ട്സ് ആഫീസർ
5) ദേവസ്വം അക്കൗണ്ട്സ് ആഫീസർ
6) എക്സ്ക്യൂട്ടീവ് ആഫീസർ, ശബരിമല
7) ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ, ഹരിപ്പാട്
8) അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ, തിരുവല്ല
9) സെക്ഷൻ ഫയൽ
10) ഫെയർ ഓഫീസ് കോപ്പി
11) ഫയൽ ബുക്ക്